


# ഫോക്കസ്

ഡിജിറ്റൽ മാഗസിൻ



ഗവ. ഹയർ സെക്കന്ററി സ്കൂൾ - മണിയൂർ

# എഡിറ്റോറിയൽ ബോർഡ്



മുഹമ്മദ് സിനാൻ



സന ഫാത്തിമ.പി.പി



മഞ്ജുനാഥ്.എസ്



സഞ്ജയ്.എസ്



അനിരുദ്ധ്.എൻ.എം

# മുഖമൊഴി

കാലപ്രവാഹത്തിൽ നമ്മുടെ വായനക്ക് വന്ന മാറ്റങ്ങൾ അൽഭുതാവഹമാണ്. പുസ്തകങ്ങളും അറിവും ഇന്ന് വിരൽത്തുമ്പിൽ വന്നു നിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി സർഗ്ഗസൃഷ്ടികൾ ഇന്ന് നമുക്ക് അനായാസേന പ്രാപ്യമാണ്. ഇതിനുതകുന്ന രീതിയിൽ മണിയൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളുടെ സൃഷ്ടികൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി 'ഫോക്കസ് ' എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സ്നേഹപൂർവ്വം സമർപ്പിക്കുന്നു......

ലിറ്റിൽ കൈറ്റ്സ്
ജി.എച്ച്.എസ്.എസ് മണിയൂർ

# പ്രധാനാധ്യാപകന്റെ സന്ദേശം




വിവര വിനിമയ സാങ്കേതികവിദ്യ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയിൽ വിദ്യാർഥികൾക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 'ഫോക്കസ് ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നതിൽ അതിയായി സന്തോഷിക്കുന്നു. നമ്മുടെ സ്കൂളിലെ വിദ്യാർഥികളുടെ രചനകൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്ന ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

രാജീവൻ വളപ്പിൽകുനി

## സ്കൂൾ – ഒരൽപ്പം ചരിത്രം



കോഴിക്കോട് ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ മണിയൂർ ഗ്രാമപഞ്ചായത്തിലെ സെക്കണ്ടറി വിദ്യാഭ്യാസരംഗത്തെ ഏക സ്ഥാപനമാണ് മണിയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ. മണിയൂർ പഞ്ചായത്തിന്റെ മൂന്ന് ഭാഗം കുറ്റ്യാടിപ്പുഴയും ഒരു ഭാഗം തിരുവള്ളൂർ, വില്ല്യാപ്പള്ളി പഞ്ചായത്തുകളുമാണ്. പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞാൽ സെക്കണ്ടറി വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലായെന്നതാണ് പഞ്ചായത്തിലെ വിദ്യാഭ്യാസ മുന്നേറ്റത്തിന് തടസ്സമായിരുന്നത്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഉൽപതിഷ്ണുക്കളായ രാഷ്ട്രീയ – സാമൂഹ്യ പ്രവർത്തകർ നടത്തിയ ത്യാഗനിർഭരമായ പ്രവർത്തനങ്ങളുടെ ഫലമാണ് മണിയൂർ പഞ്ചായത്ത് സെക്കന്ററി സ്കൂൾ. പിന്നീടിത് ഗവ. ഹയർ സെക്കന്ററി സ്കൂൾ മണിയൂർ ആയി മാറി. നിരവധി വ്യക്തികളും സംഘടനകളും മണിയൂർ പഞ്ചായത്തിൽ ഹൈസ്കൂൾ സ്ഥാപിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട് എന്ന കാര്യം ആദരപൂർവ്വം സ്മരിക്കുന്നു. സ്കൂൾ സ്ഥാപിക്കുന്നതിന് നാല് ഏക്കറോളം സ്ഥലം സൗജന്യമായി നൽകിയ ശ്രീ.ഐ.പി.നാരായണൻ നമ്പ്യാരെ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുകയാണ്.

1966 ജൂൺ ഒന്നിന് മണിയൂരിന്റെ അന്നത്തെ ചിരകാല സ്വപ്നമായ സെക്കണ്ടറി വിദ്യാഭ്യാസം ഔപചാരികമായി നിലവിൽ വന്നു. തുടക്കത്തിൽ 8-ാം ക്ലാസ്സിൽ ആരംഭിക്കുകയും ശ്രീ. കെ. അപ്പുണ്ണിക്കുറുപ്പ് മാസ്റ്റർ ഹെഡ്മാസ്റ്ററായി ചുമതല ഏറ്റെടുക്കുകയും ചെയ്തു. 1997 ലാണ് പുതിയ വിദ്യാഭ്യാസ പദ്ധതിയും വികേന്ദ്രീകൃത ആസൂത്രണപ്രക്രിയയും സ്കൂളിന്റെ മുഖച്ഛായ മാറ്റുന്നതിലേക്ക് സഹായകമാണ്. തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് 1996 ൽ ആവിഷ്കരിച്ച വിജയരഥം പരിപാടി സ്കൂളിന്റെ എസ്.എസ്.എൽ.സി വിജയശതമാനത്തിൽ വൻ കുതിപ്പ് ഉണ്ടാക്കി. അന്ന് മുതൽ അക്കാദമിക രംഗത്ത് ഈ വിദ്യാലയം പടിപടിയായി മുന്നേറിക്കൊണ്ടിരികകകയാണ്.. കായികരംഗത്ത് കഴിഞ്ഞ ഒന്നര പതിറ്റാണ്ട് കാലം മണിയൂരിനെ സംബന്ധിച്ചെടുത്തോളം അവിസ്മരണീയമായ നേട്ടങ്ങൾ ഉണ്ടാക്കിയ കാലഘട്ടമാണിത്. കായിക അധ്യാപകനായ ഹരിദാസൻ മാസ്റ്ററുടെ ഈ രംഗത്തെ സേവനം മണിയൂരിന്റെ പേര് ദേശീയ, അന്തർ ദേശീയ മത്സരങ്ങളിൽ എത്തിക്കാൻ സഹായിച്ചിട്ടുണ്ട്. കലാ രംഗത്തും നിരവധി നേട്ടങ്ങൾ ജില്ലാ, സംസ്ഥാല തലങ്ങളിൽ കൈവരിച്ചിട്ടുണ്ട്.

2005 മുതൽ നമ്മുടെ സ്കൂൾ ഹയർസെക്കന്ററി സ്കൂളായി മാറിയിട്ടുണ്ട്. ഹയർ സെക്കണ്ടറിയിൽ ആരംഭകാലത്ത് സ്ഥിര അധ്യാപകരുടെ ലഭ്യതയില്ലായ്മ നമ്മെ ഏറെ ബുദ്ധിമുട്ടിച്ചെങ്കിലും ഇപ്പോൾ ഹയർ സെക്കണ്ടറിയിൽ ഭൂരിപക്ഷം പേരും സ്ഥിരം അധ്യാപകരാണ്.



2010 മുതൽ നമ്മുടെ സ്കൂൾ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നിരവധി സർക്കാർ ഏജൻസികളിൽ നിന്ന് വികസനത്തിനായി ഫണ്ട് ലഭ്യമായിട്ടുണ്ട്. ഈ കാര്യത്തിൽ പരേതരായ ശ്രീ.എ.കണാരൻ, ശ്രീ.മത്തായിചാക്കോ എന്നീ എം.എൽ.എ മാരുടെയും ശ്രീമതി.സതീദേവി, ശ്രീ.മുല്ലപ്പള്ളി രാമചന്ദ്രൻ, കെ.കെ.ലതിക, ശ്രീ. പാറക്കൽ അബ്ദുള്ള എന്നിവരുടെയും പ്രത്യേക ഇടപെടലിലൂടെ ലഭ്യമായ ധനസഹായത്തിന് ഞങ്ങൾ എന്നും നന്ദിയുള്ളവരായിരിക്കും. നിലവിലെ എം.എൽ.എ ആയ ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്ററുടെ പിന്തുണ സ്കൂളിന് നിർലോഭമായി ലഭിച്ചു വരികയാണ്. സ്കൂൾ പ്രവർത്തനത്തിൽ ഗ്രാമ പഞ്ചായത്തിന്റെയും സ്തുത്യർഹമായ പിന്തുണ ലഭിച്ചു വരുന്നുണ്ട്. 2010-നു ശേഷം സ്കൂളിന്റെ ഭരണ നിർവ്വഹണം കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ്.



2018 - 19 അധ്യയന വർഷത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആയി മാറി. സ്കൂളിന്റെ ഭൗതിക സാഹചര്യം ഗണനീയമായ രൂപത്തിൽ വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2021ൽ സംസ്ഥാന സർക്കാരിന്റെ കിഫ്ബി ഫണ്ടിൽ നിന്നും അനുവദിച്ച 3 കോടി രൂപ ചെലവിൽ ഹൈസ്കൂളിനായി പുതിയ കെട്ടിടം പണിയുകയുണ്ടായി. ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായം കൊണ്ട് ഹയർ സെക്കന്ററി വിഭാഗത്തിലും പുതിയ കെട്ടിടങ്ങൾ നിർമ്മാണം

പൂർത്തീകരിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ടിൽ നിന്നും വിവിധ ഘട്ടങ്ങളിലായി അനുവദിച്ച 60 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. ഹയർ സെക്കൻ്ററി ബ്ലോക്കിന് മുകൾ നിലയിലായി വിശാലമായ ഒരു ഓഡിറ്റോറിയം നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക കാലത്തെ വിദ്യാഭ്യാസ സൗകര്യത്തിന് ഇണങ്ങുന്ന രൂപത്തിൽ നമ്മുടെ സ്കൂൾ പുരോഗതിയുടെ പാതയിലാണ്. സുവർണ്ണ ജൂബിലി ആഘോഷിച്ച ഈ വിദ്യാലയത്തിന്റെ മുഖഛായ തന്നെ ജനകീയ സഹകരണത്തോടെ മാറ്റാനുള്ള തയ്യാറെടുപ്പിലാണ് പി.ടി.എയും സ്കൂൾ അധികൃതരും.




ഇന്ന് വടകര വിദ്യാഭ്യാസ ജില്ലയിലെ മികവുറ്റ ഒരു സർക്കാർ വിദ്യാലയമായി മണിയൂർ ഗവ. ഹയർ സെക്കൻ്ററി സ്കൂൾ മാറിയിട്ടുണ്ട്. ഇതിനൊപ്പം നിന്ന അഭ്യുദയകാംക്ഷികൾ, സ്നേഹസമ്പന്നരായ നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു. ■

◇ ◇ ◇





# മകൾക്കു വേണ്ടി

(ഇല്ലാത്ത പണം മുടക്കി മക്കളെ ഉന്നതപഠനത്തിന് അയക്കുന്ന മാതാപിതാക്കൾക്ക്)

ഞാൻ പണ്ടേ അങ്ങനെയാണ് .. ഒരു ചെറിയ അസുഖം വന്നാൽ കിടപ്പിലാണ്. എന്നാലും മകളുടെ സ്കൂളിൽ ഫീസ് കൊടുക്കേണ്ട അവസാനദിവസം നാളെയാണ് എന്നോർത്ത് ഞാൻ എഴുന്നേറ്റു. ഇന്ന് ജോലിക്ക് പോകേണ്ട എന്ന് പറഞ്ഞ അമ്മയോട് ഇന്നലെ പുഴയിൽ കുളിച്ചത് കൊണ്ടാവാം എന്ന മുടന്തൻ ന്യായം പറഞ്ഞ് ഞാൻ ജോലിക്കിറങ്ങി. എന്നും ഞാൻ വിചാരിക്കും ഈ അമ്മ എന്താ ഇങ്ങനെയെന്ന്... ഒരു ചെറിയ അസുഖം വന്നാൽ പോലും അമ്മയ്ക്ക് വലിയ ബേജാറാണ് .ജോലിയോട് 100% ആത്മാർത്ഥതയുള്ള ഒരാളല്ല ഞാൻ . ഞാൻ ഇന്ന് ജോലിക്ക് പോകാൻ ഒരുങ്ങിയത് തന്നെ മകൾക്ക് വേണ്ടിയാണ് .എന്റെ ചെറുപ്പത്തിൽ എനിക്ക് പഠിക്കാൻ വലിയ ചുറ്റുപാടുകളില്ലായിരുന്നു.പക്ഷേ മകൾക്ക് ഉന്നതവിദ്യാഭ്യാസം നൽകണം എന്നത് എന്റെ ആഗ്രഹമായിരുന്നു. അതിനായി ഞാൻ വീടിനരികെയുള്ള സ്കൂളുകൾ ഒഴിവാക്കി, അവളെ പട്ടണത്തിന്റെ ഏറ്റവും ഫീസ് കൂടിയ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർത്തു. നാളെ അവിടെ ഫീസ് കൊടുക്കേണ്ട അവസാന തീയ്യതിയാണ്. ഫീസ് കൊടുത്തില്ലെങ്കിൽ അവൾ പിണങ്ങും .ഞാൻ കാരണം ഒരു നിമിഷം പോലും അവൾ വിഷമിക്കരുതെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു. പോകാൻ നോക്കുമ്പോൾ മകൾ പിന്നിൽ നിന്നും വിളിച്ചു പറഞ്ഞു "അച്ഛാ നാളെയാണ് ഫീസടയ്ക്കാനുള്ള അവസാന തീയ്യതി" ഞാൻ തലയാട്ടി. ഇന്ന് മുതലാളി നല്ല



കലിപ്പിലായിരുന്നു. എന്റെ അവശത അയാൾ കണ്ടില്ലെന്ന് നടിച്ചു. സിമന്റ് കോരിക്കൊടുക്കുവാനാണ് ഇന്നെന്നെ ഏൽപ്പിച്ചത്. പെട്ടെന്ന്പണിയെടുക്കുന്നതിനിടെ കാഴ്ച മങ്ങുന്നതു പോലെ തോന്നി. കാലുകൾ കുഴയുന്നതു പോലെയും ... .പിന്നെ എനിക്ക് ഒന്നും ഓർമ്മയില്ല. കണ്ണു തുറക്കുമ്പോൾ ഞാൻ ഹോസ്പിറ്റലിലാണ്. സാധ്യത കുറവാണ് , വലിയ പണം ആവശ്യമായി വരും --ബാധ്യതയാവും .... ഡോക്ടർ പറഞ്ഞു. ഞാൻ ഉണർന്നു എന്ന് അറിയാത്തതുകൊണ്ടാവാം എന്തായാലും ഞാൻ ബാധ്യതയാവാൻ തയ്യാറല്ലായിരുന്നു. ഞാൻ കാരണം കുടുംബം വിഷമിക്കരുത് എന്നതെന്റെ ആഗ്രഹമായിരുന്നു.പെട്ടെന്ന് വാതിൽ തുറന്ന് മകൾ ഓടിവന്നു കെട്ടിപ്പിടിച്ചു.ഫീസ് കട്ടിലിനടിയിലുണ്ട് എടുത്തോളൂ എന്ന് ഞാൻ ഇടറിയ വാക്കുകൾ കൊണ്ട് പറഞ്ഞു കണ്ണടച്ചു.



**രുദ്രപ്രയാഗ്.എസ്**

# ഉദാരൻ


പാത്രമൊക്കെ കഴുകിയൊതുക്കി,
പാതിരാത്രിയിൽ
എപ്പോഴോ വന്നടുത്തുവീണോരുടൽ...
പുലരുമ്പോൾ ഉണരുവാൻ
ഒരുക്കി വെച്ചോരുണർത്തു യന്ത്രത്തിൻ
അലോസരം
ക്ഷമിച്ച്
വീണ്ടും തിരിഞ്ഞുറങ്ങുവാൻ ഉദാരനാണയാൾ

രാവിൽ പത്രമൊപ്പം രുചിക്കും
ചായ വൈകിയാൽ ചിരിക്കുവാൻ മാത്രം ഉദാരനാണയാൾ !
അടുക്കളയോട് അടുപ്പിനോട് അലക്ക് കല്ലിനോടിടഞ്ഞു
ക്ഷീണിച്ച ദേഹത്തിൽ നിന്നൂർന്നുവീണൊരു മുടിയിഴ;
സുഗന്ധ ബാഷ്പങ്ങളുയരും സ്വാദിൽനിന്നെടു ത്തുമാറ്റിയിട്ടത്
കഴിക്കുവാൻ ഉദാരനാണയാൾ!!

ഉച്ച ഭക്ഷണപ്പൊതി; പിന്നെ മക്കളെ ഒരുക്കിയിട്ട്
ഒന്നു കുളിച്ചെന്ന് വരുത്തിയിട്ട്
അലസം അതിദ്രുതമൊരുങ്ങിയിട്ട്
ഇറ്റു വൈകിയാൽ വരക്കും ലീവിനെ -
ഭയന്നതിവേഗം പറക്കവെ,
അവളലക്കിയിസ്തിരിയിട്ടു ഭദ്രമായ് വെച്ച
കുപ്പായമെവിടെയെന്നുഴറുമ്പൊഴും
തിരികെ വന്നിട്ടെടുത്ത് നൽകുവാൻ പറയുവാൻ മാത്രം
കഠിനനല്ലയാൾ !
ഉദാരതക്കിനിയെത്ര ദൃഷ്ടാന്തങ്ങൾ...

വിഭവസാഗര പെരുമ തീർക്കവെ ഒന്നിൽ
രുചി മായ്ക്കുമുപ്പിൻ കടന്നു കേറ്റങ്ങൾ,
ഇസ്തിരി വടിവിലെ ചെറു ചുളിവുകൾ,
തുടച്ചു തൂത്താലും വരയ്ക്കുവാൻ വീണ്ടും വരും
വണ്ണാൻ വിരുതിനാൽ വെളള ചുവരിലെ വൃത്തികേടുകൾ
ആൺഗർവിനാൽ ശ്വാസം മുട്ടുമ്പോൾ പരീക്ഷീണമാമെതിർപ്പിൻ
നാദങ്ങൾ ...
ഒക്കെ ക്ഷമിക്കും പ്രിയനെപ്പോലെ ഉദാരനായൊരാൾ മകൾക്കായ്
വരനായ് വരാൻ വഴിപാടുകൾ നേരാൻ വരിക്ക് നിൽപവൾ ....
സമത്വ സുന്ദരം പുതിയ കാലത്തിൽ ;
പുതിയ ഭാഷ്യങ്ങൾ ചമയ്ക്കും പുത്രിതൻ ചുണ്ടിലായ് വിരിഞ്ഞു
നിൽക്കുന്നു  ചെറുചിരി ....

**ബാബു കുന്നത്ത്**



# പഞ്ചവർണ്ണക്കാട്

പഞ്ചവർണ്ണക്കാട്ടിൽ ഒരു
നീളൻ പുഴയുണ്ടേ .......
അതിലൊരു കുഞ്ഞുമീനുണ്ടേ
അവനു കൂട്ടായി ഒരുകരിമ്പൻ
ഞണ്ടുണ്ടേ.....

അങ്ങേ ചെരിവിൽ ഇങ്ങേ
ചെരിവിൽ നീന്തി നീന്തി
കളിയാടീടും കരിമ്പൻ ഞണ്ടും
കുഞ്ഞൻ മീനും

**മിൻഹ ഫാത്തിമ**

# I Cried All Day Loving You



I cried all day loving you
I gave you my heart
Which gave you every breath
Until your death
Which kept your body nourished
With fulfilment in you flourished
But you, chopped it off

I cried all day loving you
I gave you my mind
Which quenched your every thirst
With happiness you burst
Which hugged you in every wave
Like a mother’s care.
But you, killed it with every demon

I cried all day loving you
I gave you my body
Which served you beauty in your every sight
In every moment with joy and Light
Which made you believe in your life
Like a gorgeous wife
But you, broke it in to pieces
You kill everything in me But I,
Still cry all day loving you ……

Anjalika.J.S




"ഒരു വേനൽക്കാലം - "നീരജിനിപ്പോൾ സമ്മർവെക്കേഷനാണ്.
മറ്റുള്ളവരൊക്കെ തുള്ളിച്ചാടിക്കളിക്കുമ്പോൾ അവൻ മാത്രം ഒരു ഉത്സാഹവും ഇല്ലാതെ ഇരിക്കുകയാണ്. അവന്റെ അച്ഛൻ മിലിട്ടറി ഫോഴ്സിലാണ്. ലീവിന് നീരുവിനെ കാണാനെത്തുമെന്ന് അച്ഛൻ പറഞ്ഞിരുന്നു. അവന്റെ അച്ഛൻ പട്ടാളത്തിലെ ഉയർന്ന ഉദ്യോഗത്തിലാണ്. "കേണൽ ശ്രീരാജ്മാധവ്" വർഷങ്ങൾ കൂടുമ്പോൾ മാത്രമാണ് നീരജിന് ഒന്ന് അവന്റെ അച്ഛനെ കാണാൻ കഴിയുക. അവന്റെ കൂട്ടുകാർ അവനെ ഇടയ്ക്കിടെ കളിയാക്കും. അവന്റെ അച്ഛന് അവനോട് സ്നേഹമില്ല .... അതുകൊണ്ടാണ് അവനെ കാണാൻ വരാത്തത് എന്ന് പറഞ്ഞ ഒരുത്തന്റെ കരണക്കുറ്റി അവൻ അടിച്ചു തകർത്തിട്ടുണ്ട്. അങ്ങനെ ഒരു ദിവസം പോസ്റ്റ്മാൻ ദാമുവേട്ടൻ ഒരു കത്ത് കൊണ്ടു കൊടുത്തു. അവന് ആ കത്ത് ഒത്തിരി ഇഷ്ടപ്പെട്ടു. കാരണം അതിന്റെ കവർ ആകർഷണീയമായിരുന്നു. മെല്ലെ അവൻ കവർ തുറന്നു . അച്ഛന്റെ കത്താണ്. അമ്മ ഉറക്കെ വിളിച്ചുപറഞ്ഞു അവൻ ഞെട്ടിപ്പോയി അമ്മ എങ്ങനെ ...? അതുപോട്ടെ അവൻ അതും പറഞ്ഞു വായിച്ചു തുടങ്ങി നമുക്ക് ആ കത്തിന്റെ ഉള്ളടക്കം ഒന്ന് ചുരുക്കാം. ശ്രീരാജ് നീരുവിനെ കാണാൻ ഈ മാസം 28ന് വരുന്നു കൂടാതെ അന്നാണ് നീരജിന്റെ പിറന്നാളും അച്ഛൻ അവനുവേണ്ടി വലിയ ഒരു ഗിഫ്റ്റ് വാങ്ങി വച്ചിട്ടുണ്ട് എന്നതാണ് അതിന്റെ ഉള്ളടക്കം. അവൻ ഉടനെ അകത്തു പോയി അമ്മയോട് വിവരം പറഞ്ഞു അമ്മ പുറത്ത് സന്തോഷിച്ചെങ്കിലും അകത്തു നിറയെ വിഷമമാണ്. അവനെ അമ്മ കളിക്കാൻ പറഞ്ഞുവിട്ടു എന്നിട്ട് വീടിന്റെ പിറകിൽ ചെന്ന് കണ്ണുകൾ പൂട്ടി ശബ്ദം കുറച്ചു കരഞ്ഞു. അവർ ജീവിതത്തിൽ ഒരിക്കലും എന്തിന് നിസ്സാരമായി പോലും കരഞ്ഞിട്ടില്ല. അവരുടെ ഇപ്പോഴത്തെ സങ്കടം അവരുടെ ജീവിതത്തിൽ നിന്ന് പ്രിയപ്പെട്ട ഒരു വ്യക്തി പിരിഞ്ഞു പോയിരിക്കുന്നു. അത് അവരുടെ ഭർത്താവ് ശ്രീരാജ് ആണ്. ഒരു ഭീകരാക്രമണത്തിൽ അദ്ദേഹം കൊല്ലപ്പെട്ടിരിക്കുന്നു. പിന്നെ ആരായിരിക്കും അത് ആ കത്ത് അയച്ചിട്ടുണ്ടുണ്ടാവുക? അതെ അത് അമ്മ വ്യാജേന തന്നെ പുത്രന് അയച്ച കത്താണ് .അവന്റെ അച്ഛന്റെ മരണവാർത്ത അവന്റെ അമ്മയ്ക്ക് മാത്രമേ അറിയൂ. എത്രനാൾ ഈ കാര്യം മനസ്സിൽ സൂക്ഷിക്കും അതോർത്ത് അമ്മയ്ക്ക് വേവലാതിയാണ് അങ്ങനെ ദിവസങ്ങൾ കടന്നുപോയി.


നീരജിന്റെ പിറന്നാൾ ദിവസമെത്തി. അവൻ രാവിലെ എണീറ്റ് കുളിച്ച് വീടിന്റെ ഉമ്മറത്തു പോയിരുന്നു . അതാ അവനു മുന്നിൽ ഒരു വലിയ സമ്മാനപ്പൊതി. അവൻ കുറെ പണിപ്പെട്ട് പൊളിച്ചു അവൻ തന്നെ അതിശയിച്ചു പോയി. ഒരു സൈക്കിൾ .. .അവൻ അമ്മയെ ഉറക്കെ



വിളിച്ചു അമ്മ അവന് മുൻപിൽ സന്തോഷം

പ്രകടിപ്പിച്ചു പക്ഷേ അവന് ഒന്നുമാത്രം ചോദിക്കാനുണ്ട്.. അവൻ ചോദിച്ചു അച്ഛൻ എവിടെ? ഉത്തരം കിട്ടാതെ അമ്മ ഒരു നുണ പറഞ്ഞു. അച്ഛൻ കത്ത് അയച്ചിരുന്നു അതിൽ അച്ഛൻ വേറെ ഒരു ദിവസം മകനെ കാണാൻ വരും ഇപ്പോൾ മോൻ ഈ സമ്മാനം എടുക്കണേ, അച്ഛനോട് നിരസം തോന്നരുതെന്ന് അമ്മ അവനോട് പറഞ്ഞു .അമ്മ പിന്നീട് ഒന്നും പറയാതെ അകത്തേക്ക് കയറിപ്പോയി. അവന് സമ്മാനം ഒത്തിരി ഇഷ്ടമായി. മെല്ലെ അവൻ സൈക്കിളിൽ കയറി പക്ഷേ അവൻ അറിയില്ലായിരുന്നു ഇത് അമ്മ അവനെ അച്ഛന്റെ പേരിൽ കൊടുത്ത സമ്മാനമാണെന്ന്. അവൻ തന്റെ പിതാവിനെയും പ്രതീക്ഷിച്ച് വീടിന്റെ ഉമ്മറത്തിൽ സ്ഥാനം പിടിച്ചു. ഒരു തീരാ നോവുമായി ആ പ്രതീക്ഷ നീണ്ടു പോയി...........

**സച്ചിൻ സിനോജ്**



കാലമാകുന്ന മണൽപ്പരപ്പിൽ
അവശേഷിപ്പിക്കണമെന്നുണ്ട്
നിങ്ങളുടെ കാൽപാടുകളെങ്കിൽ,
വലിച്ചിഴക്കാതിരിക്കുക
നിങ്ങളുടെ കാലുകൾ
- ഡോ. എ.പി.ജെ.അബ്ദുൾ
കലാം



# Value

Sun is not pleasant in desert
Snow is not special in poles
Water is not precious to fishes
Value is defined by place

Diamond can only shine in darkness
Moon is only visible at nights
Music is only embraced in silence
Value is defined by place


**Rithu Krishna.P**

## I ALWAYS DREAMT IN NIGHT FALLS ...


I always dreamt in night falls
Being a natural floret
And a butterfly would come
To sit on it at all
But who thought it could be
You and I comely

The chemistry between us was like,
Me getting lost in the Bermuda Triangle
Even I didn't know
Am I alive or what, mentally.
All I could feel was blank
All I could see was you.

She shot me right on my heart.
A tear escaped from both of our eyes.
But my last vision was her -
Falling on her knees just same as I did.
I remembered then for both of us-
Had one heart and one soul.



ALYKA.V.C



# പാലത്തിന്റെ പാറാവുകാർ


പാലത്തിന്റെ പാറാവുകാർ വന്ന് ഓർമ്മപ്പെടുത്തി - ഇനി പത്ത് മിനിട്ട് സമയമേയുള്ളുവെന്ന്. കണ്ണടകൾ വിറ്റിരുന്ന ചെറുപ്പക്കാരൻ പാറാവുകാർ പറയുന്നത് കേട്ട് സാധനങ്ങളടുക്കി പെട്ടെന്ന് പോവാൻ തയ്യാറായി. പക്ഷേ കക്ക വിറ്റിരുന്ന, മുഖത്തൊരു കണ്ണ് മാത്രമുള്ള, ജീൻസും ടീ ഷർട്ടും ധരിച്ച ചെറുപ്പക്കാരന്റെയും കൈതച്ചക്ക വലിപ്പത്തിൽ അരിഞ്ഞ് പ്ലാസ്റ്റിക്ക് കവറുകളിൽ അടുക്കിയിരുന്ന വലിയ മീൻ, കഷണങ്ങളാക്കി വിറ്റിരുന്ന ചെറുപ്പക്കാരുടെയും മുഖത്തപ്പോൾ വ്യസനത്തിൻ ഇരുൾ പരന്നു.

ഇനിയെന്തൊക്കെ എവിടെ കൊണ്ടു പോയി വിൽക്കുമെന്ന ആധിയാകും അവരെ അന്നേരം നീറ്റിയിട്ടുണ്ടാവുക.

പിറ്റേന്ന്പാലം വഴി സഞ്ചരിച്ച ട്രൂ വിലർ യാത്രക്കാരൊക്കെ കക്കയും മീനും കൈതച്ചക്കയും വാങ്ങണമെന്ന് തീരുമാനിച്ചിരുന്നുവെങ്കിലും ആ കച്ചവടക്കാരെയൊന്നും അവിടെ കണ്ടില്ല. കണ്ണടകൾ വിറ്റിരുന്ന ചെറുപ്പക്കാരൻ മാത്രമാണ് ഒരു ഏകാധിപതിയെപ്പോലെ പാലത്തിൽ അപ്പോൾ കച്ചവടം ചെയ്തിരുന്നത്.



**സയ്യിദ് സവാദ്**



# പാഠ ഭേദം

ഇന്നലെ വരെ അവർ അധ്യാപകരോടൊപ്പം പാഠങ്ങളിൽ
കുത്തിമറിഞ്ഞു.
അവരുടെ ആരവങ്ങൾ അകമ്പടിയോടെ പടികടന്നു പോകുന്നത്
അധ്യാപകർ നോക്കി നിൽക്കുന്നു.
കൂടെ കുറെ ഓർമ്മകളും സ്വപ്നങ്ങളും.
നാല് ചുവരുകളാകുന്ന ഉടൽ മാത്രം
പോയവരെയും വരാനിരിക്കുന്നവരെയും ആലോചിച്ചിടുന്നു.
സാരമില്ലെന്ന് സ്വയം മന്ത്രിച്ചിടുന്നൊരു-
പോലെ അധ്യാപകരും ഉടലും.
ഒരുപോലെ പിരിഞ്ഞിടുന്നു
വരും കാലംതെറ്റിയ വർഷക്കാലത്തെ-
മനസ്സിൽ ധ്യാനിച്ച്.
കാലം തെറ്റിയ വർഷക്കാലം പിറന്നിടുന്നു.
പതുക്കെ ഉടൽ വിരിയുന്നു.
പുതുനാമ്പുകൾ മുളച്ചിടുന്നു.
ഉണ്ടായിരുന്ന നാമ്പുകൾ-
ചെടിയായിടുന്നു ചില-
ചെടികളിൽ പൂവുകളും വിരിയുന്നു.
ആകാശത്തിനു കീഴെ
മഴയ്ക്ക് താഴെ
മണ്ണിന് മീതെ
ഒന്നിനും വിട്ടുകൊടുത്തിടാതെ ഉടൽ-
ചേർത്ത് പിടിച്ചിടുന്നു.
ഇപ്പോൾ,
അവരും പടികടന്നുപോകുന്നത്
ഉടൽ മാത്രം നോക്കി നിൽക്കുന്നു.

**പി.ശിവലിംഗൻ**

## യൂണിറ്റുകൾ

# ലിറ്റിൽ കൈറ്റ്സ്



**2021 - 24 Batch**



**2022 - 25 Batch**

യൂണിറ്റുകൾ

# ലിറ്റിൽ കൈറ്റ്സ്



**2023 - 26 Batch**

## ഭാരത് സ്കൗട്ട് & ഗൈഡ്സ്



## യൂണിറ്റുകൾ

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്



## Super Seniors



## Seniors

# യൂണിറ്റുകൾ

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്



## Juniors

## ജൂനിയർ റെഡ് ക്രോസ്സ്



# യൂണിറ്റുകൾ

## എൻ.സി.സി



**2021 - 24 Batch**



**2022 - 25 Batch**

# ഫ്രീഡം ഫെസ്റ്റ് - റോബോട്ടിക് എക്സിബിഷനിലൂടെ .....














# കണ്ണിന്റെ കഥ

പറയാൻ പലതുണ്ടെങ്കിലും
പറയാൻ ഞാൻ ‌വേദിക്കുന്നു.
സുന്ദരമായ പരിസ്ഥിതിയെ
എന്നിലൂടെ ദൃശ്യമാക്കപ്പെടുന്നു.

അശുഭകരമായ കാഴ്ചകൾ
എന്നെ ദുഃഖിതയാക്കുന്നു.
ശുഭകരമായ കാഴ്ചകൾ
എന്നെ സന്തോഷിപ്പിക്കുന്നു.

തിന്മയായ ലഹരിയെ നശിപ്പിക്കുകയും
നന്മയായ ലഹരിയെ ജനിപ്പിക്കുകയും,
ഞാൻ എന്നിലൂടെയെല്ലാ -
വരേയും ബോധവാനാക്കുന്നു.

കണ്ണുനീരായി എന്റെ
സങ്കടം തീർക്കുന്നു.
ഒരു കുഞ്ഞ് ജനിക്കുമ്പോഴും
എന്നിലൂടെ ബന്ധങ്ങൾ തിരിച്ചറിയുന്നു.

ഒരുപാട് വർഷങ്ങൾ
സങ്കടത്തിലൂടെയും സന്തോഷത്തിലൂടെയും
അനുഭവത്തിലൂടെയും കടന്നു പോകുന്നു.

**ദിയ സി**



# പരിണാമം

അന്നും കുന്നിൽ ചാറ്റൽ മഴയായിരുന്നു.... കാടിനുള്ളിലേക്ക്... സകലം പിഴുതെറിഞ്ഞ വഴിയിലൂടെ മദമിളകിയ മണ്ണുമാന്തി... പച്ചപ്പിന്റെ വഴികൾ ഒന്നൊന്നായി ചവച്ചരച്ചു കുന്നിന്റെ നെറുകയിൽ കൂർത്ത പല്ലുകൾ കുത്തിയിറക്കി നിന്നു കിതച്ചു. മണ്ണും... മരങ്ങളും.. പോരാഞ്ഞു ഊരും. അരുതെന്നു പറഞ്ഞ മൂപ്പനേയും.... കോരിയെടുത്തു യന്ത്രക്കൈകൾ താണ്ഡവം തുടങ്ങി.. . താഴെ ചതുപ്പിൽ നഗരത്തിന്റെ വിത്തുകൾ മുളക്കുന്നതും.... കൊട്ടാരത്തലപ്പുകൾ മാനം മുട്ടാൻ മത്സരിക്കുന്നതും.... കുന്നുകൾ എന്നും വേദനയോടെ നോക്കി നിൽക്കാറുണ്ട്. മുണ്ഡനം ചെയ്യപ്പെട്ട ശിരസ്സിലൂടെ, ഒലിച്ചിറങ്ങുന്ന കുടിനീർ .. ചേർത്തു പിടിക്കാൻ കഴിയാതെ, കുന്നിന്റെ ഉടലിൽ വരഞ്ഞുണ്ടായ ചാലിലൂടെ താഴ്‌വാരങ്ങളിലേക്ക് ചുവന്നൊഴുകി.... വെടിക്കൊപ്പുകളിൽ... പൊട്ടിച്ചിതറാതെ ശേഷിച്ച അസ്ഥികളിൽ.. മഴപെയ്ത്തു ചാലിട്ട് തിളങ്ങി.... കാറ്റിനൊപ്പം മഴ ആർത്തിരമ്പി.. ദുരമൂത്ത് , വായ പിളർന്നു മണ്ണ് മാന്തിയും.. യന്ത്രത്തിന്റെ മുരളലിൽ...കുന്നിന്റെ രോദനം ഞെരിഞ്ഞമർന്നു..... നിറഞ്ഞു കവിഞ്ഞ കുന്നിന്റെ ഉടലും, പണകൊഴുപ്പുമായി യന്ത്രം അന്നും കുന്നിറങ്ങി.... എത്ര കാലം നൊന്തിരിക്കും?.....കീറിമുറിഞ്ഞ ഉടലിൽ ചേർന്നൊഴുകുന്ന കലക്കവെള്ളം കുന്നിനോട് ചോദിച്ചു.... കൂട്ടുവരുന്നോ.?.... താമസിച്ചില്ല... വിങ്ങിപൊട്ടിയ ഒരു ഉരുൾപൊട്ടലായി ,.... മണ്ണുമാന്തിയിൽ ഒരു നിലവിളിബാക്കി വെച്ച്.. താഴ് വാരത്തിലേക്ക് രണ്ടു പേരും പാഞ്ഞിറങ്ങി..... മണ്ണും, മാംസവും... ചവറും... കലങ്ങി മറിഞ്ഞ മഞ്ഞവെള്ളത്തിൽ നഗരഹൃദയം പതുക്കെ കടലിലേക്ക് വഴി തേടി..... മലമുകളിലെ ശേഷിച്ച ഗുഹകളിൽ... മറ്റൊരു പരിണാമത്തിന്റെ നിലവിളികൾക്കായി... കാതോർത്തു മഴ പെയ്തു കൊണ്ടിരുന്നു

രാജീവ് കുമാർ മേമുണ്ട



## വാർത്തകൾ ചിത്രങ്ങളിലൂടെ ....







ലിറ്റിൽ കൈറ്റ്സ് ഏകദിന ക്യാമ്പ്



ക്യാമറ ട്രെയിനിംഗിൽ നിന്നും

# SPC CADETS
# PASSING OUT PARADE











# വാർത്തകൾ ചിത്രങ്ങളിലൂടെ





അന്താരാഷ്ട്രാ യോഗാദിനം





ലഹരിവിരുദ്ധ ദിനം









## വാർത്തകൾ ചിത്രങ്ങളിലൂടെ





**മെഹന്ദി ഫെസ്റ്റ്**








## വാർത്തകൾ ചിത്രങ്ങളിലൂടെ




ചാന്ദ്രദിനത്തിൽ വിദ്യാർത്ഥികൾ നിർമ്മിച്ച് പ്രദർശിപ്പിച്ച റോക്കറ്റ് മാതൃകക്കരികിൽ ബഹു. DEO ശ്രീമതി. ഹെലൻ



ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ബഹു. MLA ശ്രീ.കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ നിർവ്വഹിക്കുന്നു





ലിറ്റിൽ കൈറ്റ്സ്
യൂണിറ്റ്
രക്ഷിതാക്കൾക്കായി
നടത്തിയ കമ്പ്യൂട്ടർ
സാക്ഷരതാ ക്ലാസ്സ്













**വടകര ഉപജില്ലാ കലോത്സവം - HS വിഭാഗം സംസ്കൃതോത്സവം, അറബിക് കലോത്സവം എന്നിവയിൽ ഓവറോൾ ചാമ്പ്യൻമാരായ മണിയൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ ടീം**



കേരളപ്പിറവി ദിനത്തിൽ തയ്യാറാക്കിയ പാട്ടുവണ്ടി ശ്രീ.വി.ടി.മുരളി ഉദ്ഘാടനം ചെയ്യുന്നു.





ആരോഗ്യ കേമ്പ് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.ടി.കെ.അഷ്റഫ് ഉദ്ഘാടനം ചെയ്യുന്നു

# നന്ദി

ലിറ്റിൽ കൈറ്റ്സ്
ഡിജിറ്റൽ മാഗസിൻ
തയ്യാറാക്കുന്നതിൽ ഞങ്ങളെ
സഹായിച്ച മുഴുവൻ
ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ, അധ്യാപകർ,
വിദ്യാർത്ഥികൾ എന്നിവർക്ക്
ഞങ്ങളുടെ
ഹൃദയം നിറഞ്ഞ
നന്ദി അറിയിക്കുന്നു......

സ്നേഹപൂർവ്വം,



അനീഷ്.പി
കൈറ്റ് മാസ്റ്റർ



പ്രജിത.പി.എം
കൈറ്റ് മിസ്ട്രസ്